ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

PASTORAL LETTER TO BE READ ON MARCH 26, 2023

Ref.M/BP/CIR/1.2023 March 26, 2023

മണ്ഡ്യ രൂപതയിൽ കരുതലിന്റെ വർഷാചരണം പ്രഖ്യാപിച്ചു കൊണ്ട് പുറപ്പെടുവിക്കുന്ന ഇടയലേഖനം

മണ്ഡ്യ രൂപതയിലെ എന്റെ വത്സല മക്കളേ,

ഈശോയുടെ രക്ഷാകര രഹസ്യങ്ങളെക്കുറിച്ച് അതിതീവ്രമായി ധ്യാനിക്കുന്ന വലിയ ആഴ്ച അടുത്തു വരികയാണല്ലോ. വലിയ നോമ്പിന്റെ ഈ അവസാന ദിനങ്ങളിൽ പ്രാർത്ഥനയിലൂടെയും പ്രായശ്ചിത്ത - പരോപകാര പ്രവൃത്തികളിലൂടെയും ഈശോയെ സ്വന്തമാക്കുവാൻ സമുക്കെല്ലാവർക്കും സാധിതമാകട്ടെയെന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

ജീവിതസഹനങ്ങളെ ധൈര്യപൂർവ്വം നേരിട്ട് മഹത്വത്തിലേക്ക് പ്രവേശിച്ച ദിവ്യനാഥൻ നമ്മുടെ ജീവിതവെല്ലുവിളികളെ സമാധാനത്തോടും പ്രത്യാശയോടുംകൂടെ നേരിടുവാൻ നമ്മെ സഹായിക്കട്ടെ. കാറ്റും കോളും നിറഞ്ഞ ജീവിതസാഗരം നമ്മെ ഭയപ്പെടുത്തുമ്പോൾ നമ്മൾ താഴോട്ട് പോയി നശിക്കില്ല എന്ന ഉയിർപ്പിന്റെ ആഹ്ലാദസന്ദേശം നമ്മുടെ ജീവിതങ്ങൾക്ക് നിറഭംഗിയേകട്ടെ.

മണ്ഡ്യ രൂപതയെ സംബന്ധിച്ചിടത്തോളം ഇതൊരു സ്വപ്നവർഷത്തിന്റെ സമാപനമാണ്. വിശപ്പിന്റെ വർഷം നമ്മുടെ ജീവിതങ്ങളിലേക്കും സ്ഥാപനങ്ങളിലേക്കും പടർന്നുകയറി ഒരിക്കലും ചിന്തിക്കുവാൻപോലും സാധിക്കാത്ത അത്ഭുതങ്ങൾ സൃഷ്ടിച്ചു. വാശിയോടെ നമ്മൾ കറിയ്ക്ക് അരിഞ്ഞു, തീ കൂട്ടി, ആഹാരവസ്തുക്കൾ വേവിച്ചു; പകർന്നു വിളമ്പി, ദൈവത്തിനെന്നപോലെ അത് വിശക്കുന്നവരുടെ പക്കലെത്തിച്ചു. വിശക്കുന്നവരുടെ മനോഭാവത്തിന്റെ ആഴങ്ങൾ തിരിച്ചറിഞ്ഞു. വിശക്കുന്ന മനുഷ്യരുടെ വിശദവിവരങ്ങൾ പഠിച്ചു. കഴിക്കുന്ന ആഹാരത്തെക്കുറിച്ച് സംതൃപ്തിയുള്ളവരായി. നമ്മൾ കുറച്ചുകൂടി ദൈവികമനുഷ്യരായി. എല്ലാ വൈദികരോടും സിസ്റ്റേഴ്സിനോടും സഹപ്രവർത്തകരോടും വിവിധ സംഘടനകളോടുമുള്ള എന്റെ നന്ദി ഈ സമയത്ത് അറിയിക്കട്ടെ. നാം ഒന്നിച്ചാണ് ഓടിയത്. ആ ഓട്ടം വിശ്വസ്തതാപൂർണ്ണമായിരുന്നു. ഇയർ ഓഫ് ഹംഗർ അവസാനിക്കുന്നുണ്ടെങ്കിലും പ്രവർത്തനങ്ങൾ തുടരണം. വിശപ്പ് ആഗോളപ്രശ്നവും മനുഷ്യജാതിയെ എന്നും പിന്തുടരുന്ന ഒരു പ്രതിഭാസവുമാണല്ലോ.

ഏപ്രിൽ 3ന് രൂപതയിലെ ആയിരത്തോളം വരുന്ന പ്രതിനിധികളെ സാക്ഷി നിറുത്തി, നമ്മുടെ രൂപതയിൽ കരുതലിന്റെ വർഷം തുടങ്ങുന്നു **(Year of Care)**. ഈ പ്രമേയം ഇയർ ഓഫ് ഹംഗറിന്റെ തുടർച്ചയും വളർച്ചയുമാണ്. വിശപ്പിന്റെ വർഷത്തിൽ വിശക്കുന്ന വ്യക്തികളെ മുന്നിൽ കണ്ടുകൊണ്ട് നമ്മൾ സേവനം ചെയ്തുവെങ്കിൽ, കരുതലിന്റെ വർഷത്തിൽ, സത്വരശ്രദ്ധ അർഹിക്കുന്ന ആറു വിഭാഗങ്ങളിലേക്ക് ക്രിസ്തുവിന്റെ കണ്ണുകളോടെ നോക്കി ദൈവരാജ്യ നിർമ്മാണത്തിന് രൂപതയൊരുങ്ങുന്നു. അവരിൽ യുവജനങ്ങളുണ്ട്, വസിക്കുവാൻ ഉചിതമായ ഇടം ഇല്ലാത്തവരുണ്ട്, രോഗികളും ഒറ്റപ്പെട്ടുപോയവരുമുണ്ട്, മരണത്തിന്റെ ആഘാതം ഏറ്റുവാങ്ങുന്ന കുടുംബങ്ങളുമുണ്ട്, ദുരന്തം പേറുന്ന ഭൂമികയുമുണ്ട്. ഈ ആറു ഗണങ്ങളെ മുന്നിൽ കണ്ടുകൊണ്ടാണ് കർമ്മപദ്ധതികൾ ഒരുക്കിയിരിക്കുന്നത്. നമ്മൾ ഏറ്റെടുക്കുന്ന കാര്യങ്ങൾ നമ്മുടെ രൂപതയെ കൂടുതൽ ദൈവോന്മുഖവും മനുഷ്യോന്മുഖവും ആക്കുമെന്ന് എനിക്കുറപ്പുണ്ട്.

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

PASTORAL LETTER TO BE READ ON MARCH 26, 2023

വിവിധ ഫോറങ്ങളിലും കൂട്ടായ്മകളിലും ചർച്ച ചെയ്താണ് നമ്മൾ ഇയർ ഓഫ് കെയറിന്റെ കർമ്മപരിപാടികൾ ഒരുക്കിയിരിക്കുന്നത്. ആലോചനാ സമിതിയിലും സാമ്പത്തിക സമിതിയിലും വൈദിക കൂട്ടായ്മയിലും അജപാലന സമിതിയിലും ഉൾപ്പെട്ട എല്ലാവരോടും അഭിപ്രായം തേടുകയും ആശയസമാഹരണം നടത്തുകയും ചെയ്തു. അവർ നൽകിയ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചാണ് പ്രവർത്തനപരിപാടികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. സഭാഗാത്രത്തിന് എന്തു നൽകിയെന്നുള്ളതോടൊപ്പം സഭാഗാത്രം എന്റെ കുടുംബത്തിന്, എന്റെ മക്കൾക്ക്, എന്റെ പ്രായം ചെന്ന വല്യപ്പച്ചന്, വീടില്ലാത്ത എന്റെ സഹോദരിക്ക് എന്തുചെയ്തു എന്ന ചോദ്യമാണ് ഈ വർഷത്തെ നമ്മുടെ ചിന്തയും ധ്യാനവും പ്രവർത്തനലക്ഷ്യങ്ങളും.

എല്ലാ മനുഷ്യരും അതീവദുഃഖദുരിതങ്ങളിലൂടെ കടന്നുപോകുന്ന ഒരു കാലഘട്ടമാണിത്. അവയുടെ തീവ്രത കുറയ്ക്കുവാൻ, പുതിയനിയമം നിർദ്ദേശിക്കുന്ന ഒരു മാർഗരേഖ ഇതാണ്: അന്യന്റെ വിഷമങ്ങളിലേക്കും പ്രയാസങ്ങളിലേക്കും നിലവിളികളിലേക്കും നിന്റെ ശ്രദ്ധയെ തിരിച്ച് വിടുക. നിന്നെക്കൊണ്ട് സാധിക്കുന്നതെല്ലാം അപരനുവേണ്ടി ചെയ്യുക. അവന്റെ സന്തോഷങ്ങളിൽ നിന്റെ സന്തോഷം കണ്ടെത്തുക. യേശുമാർഗ്ഗമാണിത്. അവിടുന്ന് ദൈവമായിരുന്നെങ്കിലും നമ്മളിലൊരുവനായി മനുഷ്യരൂപം സ്വീകരിച്ചു. നിന്ദിക്കപ്പെട്ടപ്പോഴും അവൻ വളരെ കരുതലോടെ ചുറ്റുമുള്ളവരെ ബഹുമാനിച്ചു. സ്നേഹനീരസം അനുഭവപ്പെട്ടപ്പോഴും അതീവകരുതലോടെ ചുറ്റുമുള്ളവരെ തന്നോട് ചേർത്തുപിടിച്ചു, മാറ്റി നിറുത്തപ്പെട്ടപ്പോൾ അവൻ തന്റെ ചുറ്റുമുണ്ടായിരുന്ന മാറ്റിനിറുത്തപ്പെട്ടവർക്ക് ആശ്വാസവും അത്താണിയുമായി. വഞ്ചിക്കപ്പെട്ടപ്പോഴും 'സ്നേഹിതാ' എന്നുവിളിച്ച് കരുതലിന്റെ സുവിശേഷം ആവോളം പകർന്നുനൽകി. മനുഷ്യകുലത്തിന് എന്നും മാതൃകയായിത്തീരുവാൻ കിട്ടിയതിന് പകരമായി, നൂറിരട്ടി ത്യാഗത്തിന്റെ സുഗന്ധമേകി എങ്ങനെ ജീവിക്കണമെന്ന് നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

വാർഡ് തലങ്ങളിൽ നമ്മുടെ പ്രവർത്തനങ്ങളെ ശാക്തീകരിക്കണം. നമ്മുടെ നന്മപ്രവൃത്തികൾ കുടുംബതലങ്ങളിലേക്കും അപരിചിതരിലേക്കും അഭയമില്ലാത്തവരിലേക്കും ഊർജ്ജിതപ്പെടുത്തണം. പ്രതിഫലം ഇച്ഛിക്കാതെ ദൈവം എന്നും നല്ലവനാണെന്ന് ഓർത്തുകൊണ്ട്, വിഷമമേറിയ സാഹചര്യങ്ങളിലും നമ്മുടെ സാന്നിധ്യവും സഹായവുംകൊണ്ട് ഓരോ അവസരത്തെയും ക്രിസ്തുപൂരിതമാക്കണം.

നമുക്ക് ഒരുമിച്ച് മുന്നേറാം. സഭയെ നമുക്ക് ജീവിതങ്ങളിൽ പ്രസക്തമാക്കാം. എളിയവരിൽ ഒരുവന് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത് എന്ന തിരുവചനം നമുക്ക് മനസ്സിലാക്കാം, ജീവിക്കാം, ശൈലിയാക്കാം. നമ്മളെ കണ്ടിട്ട് മറ്റുള്ളവർക്ക് പറയുവാൻ സാധിക്കണം: നോക്കൂ; എത്ര മാധുര്യമായിട്ട് അവർ സ്നേഹത്തിന്റെ പ്രമാണം പൂർത്തിയാക്കുന്നു. നമുക്ക് ജീവിക്കുന്ന സുവിശേഷമായി മാറാം. മണ്ഡ്യ രൂപത ക്രിസ്തുനാഥന്റെ ശൈലി ആവിഷ്ക്കരിക്കുന്ന രൂപതയായി മാറട്ടെ.

എല്ലാവർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ. മണ്ഡ്യ രൂപതയിലെ മക്കൾ 365 ദിവസവും ഈശോയുടെ ഉയിർപ്പ് പ്രഘോഷിക്കുന്ന, നന്മ ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ജനമായി മാറട്ടെ.

ആശംസകളോടെ, സ്നേഹത്തോടെ,

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ്